മായി ബാധിക്കുമെന്നും അതിനാൽ മലിനീകരണ വസ്തുക്കൾ അവിടെ നിക്ഷേപിക്കാൻ പാടില്ലായെന്നും അറിയിച്ചിട്ടുണ്ട്.

(ഡി)&(ഇ) രണ്ട് സ്ഥലങ്ങൾ ആണ് പരിഗണനയിൽ ഉണ്ടായിരുന്നത്. ഈ സ്ഥലത്ത് ആൾവാസമില്ലാത്തതിനാലും, അതുകൊണ്ട് കമ്പനിയിൽ ജോലി നൽകണമെന്നുള്ള ആവശ്യം ഉയരുകയില്ല എന്നുമുള്ള കാര്യങ്ങൾ കണക്കിലെടുത്ത് ഈ സ്ഥലത്തിന്റെ അക്വിസിഷൻ കമ്പനി അംഗീകരിക്കുകയാണ് ചെയ്തത്. അക്വിസിഷനെതിരെ ടൈറ്റാനിയം പ്രോഡക്ട്സ് ലേബർ യൂണിയൻ ആക്ഷേപം ഡിസംബർ 99-ൽ നൽകിയിട്ടുണ്ട്. പ്രസ്തുത പരാതി കമ്പനി പരിശോധിച്ചുവരുന്നു.

46 (602) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിനുവേണ്ടി അക്വയർ ചെയ്ത സ്ഥലം.

ശ്രീ. പി.പി. തങ്കച്ചൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിനുവേണ്ടി കടകംപള്ളി വില്ലേജിൽ സർവ്വേ നമ്പർ 2326/63 ൽ പ്പെട്ട സ്ഥലം അക്വയർ ചെയ്തതിന് എന്തു തുക അക്വിസിഷൻ ചാർജ്ജിനത്തിൽ നൽകി;

(ബി) പ്രസ്തുത കമ്പനിയുടെ ഡയറക്ടർ ബോർഡ് യോഗത്തിന്റെ അംഗീകാരത്തോടുകൂടിയാണോ തുക നൽകിയത്;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) അക്വിസിഷൻ ചാർജ്ജിനത്തിൽ കമ്പനി 1,13,00,000 രൂപ കളക്ടർക്ക് നൽകി. അതിൽ 1,04,13,077 രൂപ (ഒരു കോടി നാലു ലക്ഷത്തി പതിമൂന്നായിരത്തി എഴുപത്തിയേഴ് രൂപ) സ്ഥലമുടമകൾക്ക് നൽകിയതായി കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്

(ബി)&(സി) പ്രസ്തുത സ്ഥലം ജില്ലാ കളക്ടറാണ് അക്വിസിഷൻ നടത്തിയത്. തുക നൽകുന്നതിന് ബോർഡിന്റെ അനുമതി ആവശ്യമില്ല.

47 (603) വെസ്റ്റ് കോസ്റ്റ് അയൺ ആന്റ് സ്റ്റീൽസ്

ശ്രീ. എം.വി. ജയരാജൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ തോട്ടടയിൽ പ്രവർത്തിക്കുന്ന വെസ്റ്റ് കോസ്റ്റ് അയൺ ആന്റ് സ്റ്റീൽ എന്ന സ്ഥാപനം കോഴിക്കോട് സ്റ്റീൽ കോംപ്ലക്സിനു കൈമാറാൻ പ്രസ്തുത സ്ഥാപനത്തിന്റെ മാനേജുമെന്റും തൊഴിലാളികളും സമ്മതിച്ച് അപേക്ഷ നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതു സംബന്ധിച്ച് സാങ്കേതിക സാദ്ധ്യതാ പഠനം നടത്തിവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly